കുറഞ്ഞ ഒരു സ്കെയിലാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ ഫലമായിട്ട് അവരുടെയിടയിൽ വളരെയധികം അസംതൃപ്തിയുണ്ട്. മറ്റാരുടെയിടയിൽ ഈ ഡീമോറലൈസേഷൻ ഉണ്ടാക്കിയാലും ആ ഡീമോറലൈസേഷൻ ഉണ്ടാക്കാൻ പാടില്ലാത്ത കൂട്ടരാണ് മന്ത്രിമാർ ഉൾപ്പെടെയുള്ള അധികാര സ്ഥാനത്തിരിക്കുന്ന ആളുകളെ പേഴ്സണൽ ആയിട്ട് സഹായിക്കുന്ന കോൺഫിഡൻഷ്യൻ അസിസ്റ്റന്റുമാരും ടൈപ്പിസ്റ്റുകളും. അവരുടെയിടയിൽ വലിയ നിരാശയും ഡീമോറലൈസേഷനും വരുത്തിയിരിക്കുന്നു. ഇങ്ങനെയുള്ള ലോങ് എസ്റ്റാബ്ലിഷ് പാരിറ്റി ഡിസ്റ്റർബ് ചെയ്യാറില്ല. അത് ഒരു തത്വമായിട്ടാണ് എല്ലാവരും അംഗീകരിച്ചിരിക്കുന്നത്. അതുകൊണ്ട് ആ പാരിറ്റി റസ്റ്റോർ ചെയ്യണമെന്നും അവർക്കും മറ്റു പലർക്കും കൊടുത്തിരിക്കുന്നതിന് തുല്യമായിട്ടുള്ള സ്കെയിൽ കൊടുക്കുന്നതിനുള്ള നടപടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ച് നടപ്പിലാക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, സെക്രട്ടേറിയറ്റിലേയും പി. എസ്. സി. ആഫീസിലെയും അഡ്വക്കേറ്റ് ജനറൽ ആഫീസിലെയും രണ്ടാം ഗ്രേഡ് അസിസ്റ്റന്റുമാരുടെയും രണ്ടാം ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെയും സ്കെയിൽ ഓഫ് പേ ഒന്നു തന്നെയാണ്. ശമ്പള പരിഷ്ക്കരണത്തിനു മുമ്പും അതിനുശേഷവും ഇതു തന്നെയാണ് സ്ഥിതി. എന്നാൽ ശമ്പളകമ്മിഷന്റെ ഒരു പ്രത്യേക ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ആഫീസുകളിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റുമാർക്കും ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിലെ രണ്ടാം ഗ്രേഡ് ആഡിറ്റർമാർക്കും തുടക്കത്തിൽ ഒരു 'ഹയർ ഗ്രേഡ്' അനുവദിച്ചിട്ടുണ്ട്. ഇത് മുമ്പ് ഇല്ലായിരുന്ന ഒരു കാര്യമാണ്. ശമ്പളക്കമ്മീഷന്റെ ഇതര ശുപാർശകൾക്കൊപ്പം ഇതിനെ ഗവൺമെന്റ് അംഗീകരിക്കുകയാണ് ചെയ്തത്. ഇത്തരം ഒരു വ്യത്യാസത്തിന് അടിസ്ഥാനമായി പ്രത്യേക കാരണമൊന്നും കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടില്ല. രണ്ടാം ഗ്രേഡ് അസിസ്റ്റന്റുമാരുടെയും ആഡിറ്റർമാരുടെയും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത യൂണിവേഴ്സിറ്റി ബിരുദമാണ്. രണ്ടാം ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെത് എസ്. എസ്. എൽ. സി. യും ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ഹയറും മലയാളം ലോവറുമാണ്. ഒരുപക്ഷെ അസിസ്റ്റന്റുമാരുടെ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയായിരിക്കാം ഇത്തരത്തിൽ ഒരു ശുപാർശ നൽകുന്നതിന് ശമ്പളക്കമ്മീഷനെ പ്രേരിപ്പിച്ചത്. അസിസ്റ്റന്റുമാരുടെയും ടൈപ്പിസ്റ്റുകളുടെയും ശമ്പള സ്കെയിലിന്റെ കാര്യത്തിൽ നിലവിലുള്ള പാരിറ്റികളും ടൈപ്പിസ്റ്റുകളുടെ പ്രൊമോഷൻ സാദ്ധ്യതകളും ഡിസ്റ്റർബ് ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല ഈ ശുപാർശയെന്ന് കമ്മീഷൻ അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കിയിട്ടുണ്ട്. ഗവൺമെന്റും അത്തരത്തിലൊന്നും ഉദ്ദേശിച്ചിട്ടില്ല. അസിസ്റ്റന്റുമാരുടെയും ആഡിറ്റർമാരുടെയും പ്രാരംഭത്തിലുള്ള ഉയർന്ന ശമ്പളം തുടരാനും നൽകണമെന്നും ടൈപ്പിസ്റ്റുകളുടെ സർവ്വീസ് സംഘടനകളും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിൻമേൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(15) കടൽക്ഷോഭമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകൽ

ശ്രീ. പി. കെ. കെ. ബാവ : സർ, ചേറ്റുവ അഴിയുടെ വടക്ക് എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കടപ്പുറം പഞ്ചായത്തിൽ 300 മീറ്റർ നീളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മൂന്നു ഏക്കറോളം സ്ഥലം ഒരാഴ്ചയായി തുടർന്നുകൊണ്ടിരിക്കുന്ന കടൽ ക്ഷോഭത്തെ തുടർന്ന് കടലമ്മ വിഴുങ്ങി. വീടുകളും ഇരുനൂറിലധികം തെങ്ങുകളും നശിച്ചു. സർ കഴിഞ്ഞ നാലുവർഷമായി ആ ഭാഗത്ത് രൂക്ഷമായ കടലാക്രമണം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ കാലത്ത് നാലായിരത്തോളം തെങ്ങുകളും ഇരുപതോളം വീടുകളും പാടെ നശിച്ചുപോയി. ജനങ്ങളാകെ അവിടെ ഭയവിഹ്വലരാണ്. ബന്ധപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും ആ പ്രദേശത്ത് കടൽ ഭിത്തി കെട്ടി കടലാക്രമണ ഭീഷണിയിൽ നിന്നും രക്ഷിക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രിയോടും സർക്കാരിനോടും അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ചാവക്കാട് താലൂക്കിലെ കടപ്പുറം പഞ്ചായത്തിൽ ചേറുവ അഴിയുടെ വടക്ക് പടിഞ്ഞാറൻ ഭാഗത്ത് ഒരു കുടിൽ നശിക്കുകയും ഏകദേശം ഇരുന്നൂറോളം തെങ്ങുകൾ കടപുഴകി വീണു നശിക്കുകയും ചെയ്തതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. നശിച്ചുപോയ കുടിലിലെ അംഗങ്ങളെ മാറ്റി താമസിപ്പിച്ചിട്ടുണ്ട്. അവർക്ക് ആവശ്യമായ ധനസഹായം നൽകുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തെങ്ങു നശിച്ചുപോയതായി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു. മൊത്തത്തിൽ അവിടെ നാശനഷ്ടം വന്നവർക്ക് ആവശ്യമായ ആശ്വാസ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(16) തണ്ണീർമുക്കം പഞ്ചായത്താശുപത്രിയുടെ ശോചനീയ സ്ഥിതി

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഒരു പഞ്ചായത്തിൽ ഒരു ചികിൽസാ കേന്ദ്രം സ്ഥാപിക്കേണ്ട നയം ഈ സംസ്ഥാനത്ത് അംഗീകരിച്ചിട്ട് പത്തു വർഷമായി. ചേർത്തല താലൂക്കിലുള്ള തണ്ണീർമുക്കം പഞ്ചായത്തിൽ അൻപതിനായിരത്തിൽപ്പരം ജനങ്ങൾ ഉണ്ട്. ആ പഞ്ചായത്തിൽ ആകെയുണ്ടായിരുന്നത് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിന്റെ കീഴിലുണ്ടായിരുന്ന ഒരു ഡിസ്പെൻസറിയാണ്. 1984-ൽ ഞാൻ തന്നെ ഈ സഭയിൽ ഉന്നയിച്ച നിരവധി സബ്മിഷന്റെ ഫലമായി 1984-ൽ അത് ആരോഗ്യ വകുപ്പ് ഏറ്റെടുത്തു. ഒരു ഗവൺമെൻറ് ഡിസ്പെൻസറിയിൽ കുറഞ്ഞത് ആറു തസ്തികകൾ ആവശ്യമാണ്. ഒരു ഡോക്ടർ, ഒരു ഫാർമസിസ്റ്റ്, ഒരു നേഴ്സ്, ഒരു നേഴ്സിംഗ് അസിസ്റ്റൻറ്, ഒരു ഹോസ്പിറ്റൽ അറ്റൻറർ, ഒരു സ്വീപ്പർ ഇവയാണ് ആറു തസ്തികകൾ. എന്നാൽ 1984-ൽ ആരോഗ്യ വകുപ്പ് ഇത് ഏറ്റെടുത്തെങ്കിലും ഒരു ഡോക്ടറെയും ഒരു ഫാർമസിസ്റ്റിനെയും മാത്രമാണ് അവിടെ നിയമിച്ചത്. എന്നുമാത്രമല്ല അൻപതിനായിരത്തിൽപ്പരം കയർ, മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒരു പഞ്ചായത്തിലുള്ള ഏക ചികിൽസാ കേന്ദ്രമായ ആ ആശുപത്രിയിൽ ആവശ്യത്തിന് മരുന്ന് കൊടുക്കുന്നില്ല. രണ്ടു കൊല്ലമായി ആ ആശുപത്രി കെട്ടിടത്തിന്റെ വാർഷിക അറ്റകുറ്റപ്പണികൾ നടക്കുന്നില്ല. എന്നിക്കറിയാൻ കഴിഞ്ഞത് ഇന്നും അത് ആരോഗ്യ വകുപ്പ് ഏറ്റെടുത്തിട്ടില്ലെന്ന നിലയിലാണ്. ഇപ്പോൾ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിന്റെ കീഴിലുമല്ല ആരോഗ്യ വകുപ്പിന്റെ കീഴിലുമല്ല. അത് ഒരു നാഥനില്ലാത്ത നിലയിലാണ്. ആരോഗ്യ വകുപ്പിന്റെ കൂടി ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ അനാഥ ശിശുവിന്റെ പിതൃത്വം ഏറ്റെടുത്തുകൊണ്ട് ആ ആശുപത്രിക്ക് രക്ഷ കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച തണ്ണീർമുക്കം പ്രോജക്ട് ഡിസ്പെൻസറി ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly